ഫ്രഫ്രാ -ൽ അധികൃത ഭജനമഠങ്ങളിൽ ഉത്സവച്ചിലവിനായി അനുവദിച്ചിട്ടുള്ള സംഖ്യയെത്ര;

ടി സംഖ്യ എങ്ങനെയെല്ലാം ഇനങ്ങൾക്കുവേണ്ടി ചിലവു ചെയ്യണമെന്നു പറയുമോ?

രാമവർമ്മതമ്പുരാൻ:— ഫ്രഫ്രാ -ൽ അധികൃത ഭജനമഠങ്ങളിലെ ഉത്സവച്ചിലവിനും മറ്റുമായിവിജയരാഘവപുരംകോളനിയിലേക്ക് ഇ. ക. യും ആനന്ദപുരം കോളനിയിലേക്ക് ഇ. ക. യും, മലയാറ്റൂർ കോളനിയിലേക്ക് വ്യ. ക. യും, പുളിക്കമേലി കോളനിയിലേക്ക് ഇ. ക. യും കൂടി ആകെ രൂപാ. ക. അനുവദിച്ചിട്ടുണ്ട്. അതിൽ വിജയരാഘവപുരം കോളനിയിലെ ഉത്സവം മാത്രമേ ഇക്കൊല്ലത്തിൽ നടത്തിയിട്ടുള്ളൂ.

ഉത്സവത്തിലേക്കു ചിലവായ സംഖ്യയുടെ ഇനവിവരം കണക്കു സംബന്ധമായിചേർത്തിരിക്കുന്നു *(Appendix IV)*.

മിസ്റ്റർ കെ. പി. വള്ളോൻ:— ഈ സംഖ്യകൊണ്ട് ഉത്സവത്തിനായി ചിലവു ചെയ്യണമെന്നു നിർബ്ബന്ധിച്ചതാരാണ്?

രാമവർമ്മതമ്പുരാൻ:— പലേ ചിലവുകളും കോളനികളെ സംബന്ധിച്ചു ചെയ്യുന്നുണ്ട്. ആ കൂട്ടത്തിൽ ഇതും ചിലവു ചെയ്തിട്ടുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ:— ഇതുകൊണ്ട് അധികൃതക്കുണ്ടാകുന്ന ഒരു പ്രത്യേകരക്ഷയെന്താണ്?

രാമവർമ്മതമ്പുരാൻ:— അവർക്കു മതസംബന്ധമായുള്ള പലേ ഉണർച്ചകളും ഉണ്ടാകും.

Lease of back water pormbokes to Kanakkans. Pulayas, etc. of Ayyampilli, Cherai, etc

247. മിസ്റ്റർ കെ. പി. വള്ളോൻ:— അധികൃത സംരക്ഷകൻ ചെറായി, അയ്യമ്പിള്ളി എന്നീ സ്ഥലങ്ങളിൽ കണക്കർ, പുലയർ മുതലായ അധികൃതക്കു കുടലോരങ്ങളിൽ സ്ഥലം തിരിച്ചു കൊടുക്കുകയുണ്ടായോ;

ഉണ്ടെങ്കിൽ എത്ര വീതം;

എത്രപേർക്ക്?

രാമവർമ്മതമ്പുരാൻ:— അയ്യമ്പിള്ളി, ചെറായി എന്നീ ദേശങ്ങളിലെ കുടലോരങ്ങളിൽ അധികൃതക്കു പാർക്കുവാൻ സ്ഥലം അനുവദിച്ചിട്ടുണ്ട്.

ഓരോ കുടിക്കാർക്കു ഫ്രാ സെൻറ വീതം.

ന്യാ കുടിക്കാർക്കു സ്ഥലം തിരിച്ചു കൊടുത്തിട്ടുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ:— അയ്യമ്പിള്ളി, ചെറായി എന്നീ ദേശങ്ങളിലെ കുടലോരങ്ങളിൽ അധികൃതക്കു സ്ഥലം പതിച്ചുകൊടുത്തിട്ടുള്ളതു റവന്യൂ ഡിപ്പാർട്ടുമെൻറിന്റെ അറിവോടുകൂടിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

രാമവർമ്മതമ്പുരാൻ:—അന്വേഷിച്ചുവേണം പറയുവാൻ.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ:—റവന്യൂ ഡിപ്പാർട്ടുമെൻറിന്റെ അറിവു കൂടാതെ സ്ഥലം പതിച്ചുകൊടുത്തുവെന്നാണോ പറയുന്നത്?

രാമവർമ്മതമ്പുരാൻ:—പതിച്ചുകൊടുത്തുവെന്ന് ഇതിൽപറഞ്ഞിട്ടില്ല. താമസിയ്ക്കുവാനായി സ്ഥലം അനുവദിച്ചു കൊടുത്തുവെന്നേപറഞ്ഞിട്ടുള്ളു.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ:—അങ്ങിനെ സ്ഥലം വിട്ടുകൊടുക്കുവാൻ ദിവാൻപേഷ്ക്കാർക്കല്ലാതെ വേറെ ആർക്കെങ്കിലും അധികാരമുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ:—റവന്യൂ ഡിപ്പാർട്ടുമെൻറിൽനിന്നു സ്ഥലം ഡിവൈഡ് ചെയ്യുവാനേ അധികാരമുള്ളു.

മിസ്റ്റർ കെ. പി വള്ളോൻ:—പിന്നെ ഏതു ഡിപ്പാർട്ടുമെൻറിൽനിന്നാണു കൊടുത്തിട്ടുള്ളത്?

രാമവർമ്മതമ്പുരാൻ.—അന്വേഷിച്ചുവേണം പറയുവാൻ.

മിസ്റ്റർ ഏ. ശങ്കരപുത്തുവാൾ.—തിരിച്ചുകൊടുത്തിട്ടുള്ളതിൽ കെട്ടിടം വല്ലതുമുണ്ടോ, അതോ ഭൂമിമാത്രമോ?

രാമവർമ്മതമ്പുരാൻ.—കെട്ടിടങ്ങളൊന്നുമില്ല. ഭൂമിമാത്രമേയുള്ളു.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇക്കാര്യത്തിൽ ഗവൺമെൻറിൽനിന്നും വേണ്ടപോലെ അന്വേഷിച്ച് ഒരു നിവാരണമുണ്ടാക്കാമോ?

രാമവർമ്മതമ്പുരാൻ.—അന്വേഷിച്ചുവേണം സമാധാനം പറയുവാൻ.

Co-operative Societies of the Depressed Classes.

248. മിസ്റ്റർ കെ. പി. വള്ളോൻ.—ഈ രാജ്യത്തെ അധഃകൃത പരസ്പരസഹായ സംഘങ്ങൾക്ക് തൊഴിൽ ചെയ്യുവാൻവേണ്ടി കൊടുത്തിട്ടുള്ള സംഖ്യയെത്ര;

ടി സംഖ്യയുടെ വർദ്ധനയെത്ര;

ആരെ ഏല്പിച്ചിരിക്കുന്നു?

രാമവർമ്മതമ്പുരാൻ.—മുളവുകാട് പുലയ പരസ്പരസഹായ സംഘത്തിലേക്കു തൊഴിലിനായി ഫ്രാൻസ്-ൽ ന്യായക. ഗവൺമെൻറിൽനിന്നും കടം കൊടുത്തിട്ടുണ്ട്.

ടി സംഖ്യക്കു വർദ്ധനയില്ലെന്നു മാത്രമല്ല സംഘത്തിൽനിന്നു ഫ്രാങ്ക. മാത്രമേ ഗവൺമെൻറിലേക്കു മടക്കി അടച്ചിട്ടുള്ളു.

അന്നത്തെ സംഘംപ്രവർത്തകന്മാരായ മിസ്റ്റർ കെ. പി. വള്ളോൻ എം. എൽ. സി. തുടങ്ങിയവരെയാണ് ഏല്പിച്ചത്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ സംഖ്യ എന്നു ഏല്പിച്ചിട്ടുണ്ടെന്നു പറയുന്നു. അതിനു വല്ല രിക്കാർഡുകളും ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly